"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-8492/2023 നമ്പർ കേസിന്റെ അന്തിമ വിധി പാലിച്ച ശ്രീ.ബിനു ദാമോദരൻ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് നടപടി സ്വീകരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.287/2024/F&WLD തീയതി,തിരുവനന്തപുരം, 03-07-2024

---

പരാമർശം:-

1. ശ്രീ.ബിനു ദാമോദരന്റെ 20.02.2023 ലെ അപേക്ഷ.
2. WP(C)-8492/2023 നമ്പർ കേസിന്റെ 21.03.2024 തീയതിയിലെ അന്തിമ ഉത്തരവ്.
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്)-റുടെ 25.05.2024ലെ പ്രൊ(6)2304/2023നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. ബിനു ദാമോദരൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-8492/2023 നമ്പർ കേസിൽ, പരാമർശം (1) ലെ അപേക്ഷ പരിഗണിച്ച് സർക്കാർ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 15.06.2024 ന് സർക്കാർ ടിയാനെ നേരിൽ കേൾക്കുകയും രേഖകൾ പരിശോധിയ്ക്കുകയുമുണ്ടായി.

സാമൂഹിക വനവത്ക്കരണത്തിന്റെ ഭാഗമായി വനം വകുപ്പിൽ നിന്നും ലഭിച്ച ചന്ദനമരതൈകൾ തന്റെ പിതാവ് നട്ടുപിടിപ്പിക്കുകയും ആയതിൽ ഒരു ചന്ദനമരം കാറ്റിലും മഴയിലും ഒടിഞ്ഞു വീണത് മോഷണം പോകാനുള്ള സാദ്ധ്യതയുള്ളതിനാൽ ബന്ധവസ്സിലെടുത്ത് സംരക്ഷിക്കുവാനും ലേലത്തിൽ വെച്ച് അർഹമായ തുക അനുവദിക്കാനും 03.06.2015 ൽ കുമളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിലേക്ക് ശ്രീ.ബിനു ദാമോദരൻ അപേക്ഷ നൽകിയിരുന്നു. 06.06.2015 ൽ ചെല്ലാർകോവിൽ സെക്ഷൻ സ്റ്റാഫ് മഹസർ തയ്യാറാക്കി ചന്ദന തടികൾ ബന്ധവസ്സിലെടുത്ത് കുമളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ സൂക്ഷിക്കുകയും ആയത് പിന്നീട് മറയൂർ ഡിപ്പോയിൽ വെച്ച് ടിയാന്റെ പേരിൽ തന്നെ ലേലം ചെയ്യുന്നും പീരുമേട് തഹസിൽദാർ ടി പട്ടയ സ്ഥലത്തെ ചന്ദന മരങ്ങളൊന്നും റിസർവ്വ് ചെയ്തിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലേലത്തിൽ ലഭിയ്ക്കുന്ന തുക ടിയാന് നൽ കണമെന്ന് കുമളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കത്ത് നൽകുകയുമുണ്ടായി. എന്നാൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ LA പട്ടയത്തിലെ വ്യവസ്ഥ 1 പ്രകാരം പ്രസ്തുത പട്ടയ ഭൂമിയിലെ മരങ്ങൾ സർക്കാരിൽ നിക്ഷിപ്തമാണെന്നതിനാൽ 'സർക്കാർ വക' യായി മറയൂർ ഡിപ്പോയിൽ എത്തിയ്ക്കാൻ കുമളി റേയ്ഞ്ച് ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെടുകയുമുണ്ടായി. റവന്യ ഡിവിഷണൽ ഓഫീസിൽ നിന്നും പ്രസ്തുത ചന്ദനമരം തനിക്ക് അർഹതപ്പെട്ടതാണെന്ന് റിപ്പോർട്ട് ലഭിച്ചിട്ടും പ്രസ്തുത ചന്ദനമരം ലേലം ചെയ്തതിന്റെ തുക ലഭിക്കാത്തതിനാലാണ് താൻ കോടതിയെ സമീപിച്ചതെന്നും ശ്രീ.ബിനു ദാമോദരൻ അറിയിച്ചു.

മേൽ വിഷയത്തിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. അപേക്ഷകന്റെ പിതാവായ ദാമോദരൻ എന്നയാളിന് LA-790/65 നമ്പർ LA പട്ടയ പ്രകാരം ലഭിച്ചതും നിലവിൽ ശ്രീ.ബിനു ദാമോദരന്റെ കൈവശത്തിൽ ഉള്ളതുമായ ടി സ്ഥലത്തിന്റെ പട്ടയത്തിൽ ചന്ദനമരങ്ങൾ ഒന്നും റിസർവ് ചെയ്തിട്ടില്ല എന്ന് കുമളി റേഞ്ച് ഫോറസ്റ്റ് ഓഫീസറെ പീരുമേട് തഹസിൽദാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്തവസ്സിലെടുത്തിരുന്ന ടി ചന്ദനത്തടികൾ മറയൂർ ചന്ദനഡിപ്പോയിൽ എത്തിക്കുന്നതിനും, ലേലം ചെയ്യുന്നതിനും, ലേലത്തിൽ കിട്ടുന്ന തുകയുടെ വിഹിതം സ്ഥലമുടമയ്ക്ക് നൽകുന്നതിനും വേണ്ടിയുള്ള അനുമതിക്കായി കുമളി റേഞ്ച് ഫോറസ്റ്റ് ഓഫീസർ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അപേക്ഷിച്ചിരുന്നു. LA പട്ടയത്തിലെ വ്യവസ്ഥ (1) പ്രകാരം പട്ടയഭൂമിയിൽ നിൽക്കുന്നതും പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ളതുമായ എല്ലാ മരങ്ങളുടെയും പൂർണമായ അവകാശം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും, പട്ടയം നൽകുമ്പോൾ ടി ഭൂമിയിൽ നിലവിലുള്ളതും പിന്നീട് ഉണ്ടായിവരുന്നതുമായ മരങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത പട്ടാദാർക്കുള്ളതാണ്, എന്നത് ചൂണ്ടിക്കാട്ടി ടി ചന്ദനമരത്തിന്റെ അവകാശം സർക്കാരിനാണെന്ന് അറിയിച്ച 'സർക്കാർ വക' എന്ന നിലയിൽ ചന്ദനത്തടി മറയൂർ ചന്ദന ഡിപ്പോയിൽ എത്തിക്കുവാനാണ് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കുമളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് നിർദേശം നൽകിയിരുന്നത്. തന്റെ അപേക്ഷയിലെ തീരുമാനം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ച് 14.01.2016-ൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ അപേക്ഷ മേൽപ്പറഞ്ഞ പട്ടയത്തിലെ ഒന്നാം വ്യവസ്ഥയിലെ കാര്യങ്ങൾ തന്നെ ഉന്നയിച്ച്, പരിഗണിക്കാൻ കഴിയില്ല എന്ന് കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ടിയാനെ അറിയിച്ചിരുന്നു. ടിയാൻ 21.03.2016 തീയതിയായി കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ തീരുമാനത്തിനെതിരെ അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ LA പട്ടയത്തിലെ ഒന്നാം വ്യവസ്ഥ തന്നെ ഉദ്ധരിച്ച് ടി അപ്പീൽ നിരസിച്ചു കൊണ്ട് കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും ഉത്തരവായിരുന്നു.

ടി ചന്ദനമരം നിന്നിരുന്ന സ്ഥലത്തിന് ലാന്റ് സ്റ്റാറ്റസ് സർട്ടിഫിക്കറ്റ് അനുവദിക്കാമെന്ന് തഹസിൽദാർ ശുപാർശ ചെയ്തിട്ടുള്ളതാണ് എന്നും പെരിയാർ വില്ലേജിൽ LA-790/65-ൽ അപേക്ഷയ്ക്ക് ആധാരമായ സർവ്വെ നമ്പർ- 65/1-ൽപ്പെട്ട വസ്തു സർക്കാർ ഭൂമിയിലോ പുറമ്പോക്ക് തരിശ് എന്നിവയിലോ ഉൾപ്പെട്ടത് അല്ല എന്നും ടി വസ്തുവിന് യാതൊരുവിധ സർക്കാർ ബാധ്യത ഇല്ലെന്നും ടി വസ്തുവിൽ നിന്നിരുന്ന ചന്ദനമരം പട്ടയത്തിൽ റിസർവ് ചെയ്തിട്ടില്ലാത്തതാണെന്നും ഇടുക്കി റവന്യൂ ഡിവിഷണൽ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തെറ്റിദ്ധരിക്കപ്പെട്ട്, ചന്ദനം വിറ്റ തുകയിൽ നിന്നും അർഹതപ്പെട്ട വിഹിതം ശ്രീ. ബിനു ദാമോദരന് കൊടുക്കുന്നതിനുള്ള പ്രൊപ്പോസൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്ററുടെ ഓഫീസിൽ സമർപ്പിച്ചിരുന്നു.

മൂന്നു പ്രാവശ്യം നിരസിക്കപ്പെട്ട ടിയാന്റെ അപേക്ഷയിൽ, ചന്ദനമരത്തിന്മേൽ തന്റെ അവകാശം സ്ഥാപിക്കുന്നതിന് LA പട്ടയത്തിലെ വ്യവസ്ഥ (1)-നെ ഖണ്ഡിക്കുന്നതിനാവശ്യമായ പുതിയ തെളിവുകളോ രേഖകളോ അപേക്ഷകന് ഹാജരാക്കുവാൻ സാധിക്കാത്തതിനാൽ ടി വ്യവസ്ഥ പ്രകാരം തന്നെ അപേക്ഷ നിരസിച്ചുകൊണ്ട് കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും വീണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവ്വേറ്ററുടെ ഓഫീസിൽ പല അപേക്ഷകളും ടി ചന്ദനത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് നൽകിയെങ്കിലും അവയെല്ലാം

നിരസിച്ചുകൊണ്ട് LA പട്ടയത്തിലെ വ്യവസ്ഥ (1) ഉദ്ധരിച്ച് പൂർണമായും സർക്കാർ മുതലായിട്ടുള്ള ടി ചന്ദനം ലേലത്തിൽ വെച്ച് സർക്കാരിലേക്ക് 6,64,583/- രൂപ മുതൽകൂട്ടിയിട്ടുള്ളതാണെന്നും LA പട്ടയത്തിലെ വ്യവസ്ഥ (1) പ്രകാരം ടി ചന്ദനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണെന്നും ആയതിനാൽ ടി ചന്ദനം മറയൂർ ചന്ദന ഡിവിഷനിലെത്തിച്ച് ലേലത്തിൽ വിൽപന നടത്തി തുക സർക്കാരിലേക്ക് മുതൽകൂട്ടിയിട്ടുള്ളതാണെന്നും മേൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ പരിഗണിച്ച് ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ മുൻപിനാലേ കൈക്കൊണ്ട തീരുമാനം സർക്കാർവക സ്വത്തുക്കൾ സംരക്ഷിക്കുന്നതാകയാൽ ടിയാൻ നൽകിയിരിക്കുന്ന അപേക്ഷ നിരസിക്കാവുന്നതാണെന്ന് കോട്ടയം ഹൈറേഞ്ച് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, LA പട്ടയത്തിലെ വ്യവസ്ഥ (1) പ്രകാരം പട്ടയഭൂമിയിൽ നിൽക്കുന്നതും പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ളതുമായ എല്ലാ മരങ്ങളുടെയും പൂർണമായ അവകാശം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളതും, പട്ടയം നൽകുമ്പോൾ ടി ഭൂമിയിൽ നിലവിലുള്ളതും പിന്നീട് ഉണ്ടായിവരുന്നതുമായ മരങ്ങൾ സംരക്ഷിക്കേണ്ട ബാധ്യത മാത്രമാണ് പട്ടാദാർക്കുള്ളതുമെന്നതിനാൽ ചട്ട പ്രകാരം ശ്രീ.ബിനു ദാമോദരന്റെ അപേക്ഷ പരിഗണിക്കുവാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ടും 27.02.2023 തീയതിയിൽ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)-8492/2023 നമ്പർ കേസിന്റെ 21.03.2024 തീയതിയിലെ അന്തിമ ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), തിരുവനന്തപുരം.
ശ്രീ.ബിനു ദാമോദരൻ, ഡിജിറ്റൽ ഇലക്ട്രോണിക്സ്, പാലത്തിങ്കൽ ബിൽഡിംഗ്, കുമിളി പി.ഒ, PIN-685509.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Ramjan P A
സെക്ഷൻ ഓഫീസർ
Date: 03-07-2024 16:22:01

പകർപ്പ്: ബഹു മുഖ്യമന്ത്രിയുടെ ഓഫീസിന് /ബഹു വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന്/വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎസ്സ്.